**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3734** **27-06-2024 - ൽ മറുപടിയ്ക്ക്**

**മൊബിലിറ്റി ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന മുൻ ബജറ്റിലേയും നയപ്രഖ്യാപനങ്ങളിലേയും പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ് (Hub and Spoke Model)-നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.<br><br>24/09/2021-ന് കിഫ്ബി CEO-യും മറ്റ് ഉദ്യോഗസ്ഥരുമായി കിഫ്ബി ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് Buro Development Architecture Planning എന്ന സ്ഥാപനം മുഖേന concept drawing-ഉം Rough Cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി കിഫ്ബിയുമായി സഹകരിച്ച് International Financial Corporation (IFC) എന്ന ഏജൻസിയുമായി ചേർന്ന് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ IFC സ്വീകാര്യമല്ലാത്ത ചില നിബന്ധനകൾ agreement-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി.<br><br>തുടർന്ന് 05.08.2022-ലെ സ.ഉ.(സാധാ) നം.328/2022/TRANS സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി കിഫ്ബിയുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള പുതുക്കാട് ഉൾപ്പെടെയുള്ള 8 (എട്ട്) സ്ഥലങ്ങളിൽ EOI ക്ഷണിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ സിവിൽ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ. / എം.പി. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |
| (ബി) | ദേശീയ പാത 544-നോട് ചേർന്ന് കിടക്കുന്നതും വാണിജ്യ പ്രാധാന്യമുള്ളതുമായ പുതുക്കാട് കെ.എസ്.ആർ.ടി.സി. യുടെ സ്ഥലത്ത് കോർപ്പറേഷന് വരുമാനം ലഭിക്കുന്നതും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മൊബിലിറ്റി ഹബ്ബ് പോലെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ് (Hub and Spoke Model)-നായി കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.<br><br>24/09/2021-ന് കിഫ്ബി CEO-യും മറ്റ് ഉദ്യോഗസ്ഥരുമായി കിഫ്ബി ഫണ്ടിന് വേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് Buro Development Architecture Planning എന്ന സ്ഥാപനം മുഖേന concept drawing-ഉം Rough Cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി കിഫ്ബിയുമായി സഹകരിച്ച് International Financial Corporation (IFC) എന്ന ഏജൻസിയുമായി ചേർന്ന് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ IFC സ്വീകാര്യമല്ലാത്ത ചില നിബന്ധനകൾ agreement-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി.<br><br>തുടർന്ന് 05.08.2022-ലെ സ.ഉ.(സാധാ) നം.328/2022/TRANS സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി കിഫ്ബിയുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള പുതുക്കാട് ഉൾപ്പെടെയുള്ള 8 (എട്ട്) സ്ഥലങ്ങളിൽ EOI ക്ഷണിച്ചിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ സിവിൽ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ. / എം.പി. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ